# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4482 — 25/10/2016-ൽ മറുപടിക്ക്

## കണ്ണൂർ ജില്ലയിലെ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.റ്റി.വി.രാജേഷ് | | ശ്രീ. കടകം പള്ളി സുരേന്ദ്രൻ (വൈദ്യുതിയും ദേവസ്വവും വകുപ്പ മന്ത്രി) |
| (എ) | മുൻ സർക്കാരിന്റെ കാലത്ത് കണ്ണൂർ ജില്ലയിൽ എത്ര പുതിയ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകൾ അനുവദിച്ചിരുന്നുവെന്നും, ജില്ലയിൽ നിലവിൽ ആകെ എത്ര സെക്ഷൻ ഓഫീസുകളുണ്ടെന്നും വ്യക്തമാക്കാമോ; | (എ) | മുൻ സർക്കാരിന്റെ കാലത്ത് 5 പുതിയ കെ എസ് ഇ ബി സെക്ഷൻ ഓഫീസുകൾ കണ്ണൂർ ജില്ലയിൽ അനുവദിച്ചിട്ടുണ്ട്. നിലവിൽ കണ്ണൂർ ജില്ലയിൽ 60 സെക്ഷൻ ഓഫീസുകളാണ് ഉള്ളത്. |
| (ബി) | പരിയാരം മെഡിക്കൽ കോളേജ്, ആയുർവേദ കോളേജ്, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ, ഉപഭോക്താക്കളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് എന്നിവ കണക്കിലെടുത്ത് കല്യാശ്ശേരി മണ്ഡലത്തിലെ പിലാത്തറ കേന്ദ്രമാക്കി വൈദ്യതി സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 25000 ൽ അധികമാവുകയോ, അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 20000 ൽ അധികം ആവുകയോ ചെയ്യുന്ന സാഹചര്യത്തിൽ ആണ് സാധാരണഗതിയിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് നിലവിലുള്ള സെക്ഷൻ വിഭജിച്ച് പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കുന്നത്. കണ്ണൂർ ജില്ലയിലെ പഴയങ്ങാടി, പയ്യന്നൂർ, മാതമംഗലം എന്നീ സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പിലാത്തറ ആസ്ഥാനമാക്കി പുതിയ സെക്ഷൻ ഓഫീസ് രൂപീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നില്ല. മെച്ചപ്പെട്ട സേവനം നല്കുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുവാനും ഓഫീസുകളുടെ പുന:ക്രമീകരണം പരിശോധിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ